# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2021 സെപ്റ്റംബർ 18

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

2021 സെപ്റ്റംബർ 23ന് നടത്താനിരുന്ന മഹാത്മാഗാന്ധി സർവകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിൽ 2019ൽ പിഎച്ച്.ഡി. രജിസ്ട്രേഷൻ ചെയ്തവർക്കും സെക്കന്റ് സ്പെൽ പൂർത്തിയാക്കിയവർക്കും സപ്ലിമെന്ററിക്കാർക്കുമുള്ള കോഴ്സ് - 3 പരീക്ഷ സെപ്റ്റംബർ 24ന് രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് ഒന്നുവരെ അതത് ഗവേഷണകേന്ദ്രങ്ങളിൽ നടക്കും.

(പി.ആർ.ഒ/39/917/2021)

## അപേക്ഷ തീയതി

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം - 2020 അഡ്മിഷൻ - റഗുലർ/2017, 2018, 2019 അഡ്മിഷൻ - റീഅപ്പിയറൻസ്), സി.ബി.സി.എസ്.എസ്. (2013-2016 അഡ്മിഷൻ - റീഅപ്പിയറൻസ്), ഒന്നാം സെമസ്റ്റർ ബി.എസ് സി. സൈബർ ഫോറൻസിക് (2020 അഡ്മിഷൻ - സി.ബി.സി.എസ്. റഗുലർ/2019 അഡ്മിഷൻ - റീഅപ്പിയറൻസ്, 2014-2018 അഡ്മിഷൻ - സി.ബി.സി.എസ്.എസ്. റീഅപ്പിയറൻസ്) യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ സെപ്റ്റംബർ 24 മുതൽ 29 വരെയും 525 രൂപ പിഴയോടെ സെപ്റ്റംബർ 30 നും 1050 രൂപ സൂപ്പർഫൈനോടെ ഒക്ടോബർ ഒന്നിനും അപേക്ഷിക്കാം.

(പി.ആർ.ഒ/39/918/2021)

മൂന്നും നാലും സെമസ്റ്റർ എം.എ./ എം.എസ് സി./ എം.കോം. പ്രൈവറ്റ് രജിസ്ട്രേഷൻ (2019 അഡ്മിഷൻ - റഗുലർ) പരീക്ഷകൾക്ക് പിഴയില്ലാതെ സെപ്റ്റംബർ 20 മുതൽ 27 വരെയും 525 രൂപ പിഴയോടെ സെപ്റ്റംബർ 28 നും 1050 രൂപ സൂപ്പർഫൈനോടെ സെപ്റ്റംബർ 29 നും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപ സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. epay.mgu.ac.in എന്ന പോർട്ടലിലൂടെയാണ് ഫീസടയ്ക്കേണ്ടത്. വൈകി ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കില്ല. പരീക്ഷ തീയതി പിന്നീട് അറിയിക്കും.

(പി.ആർ.ഒ/39/919/2021)

## പരീക്ഷഫലം

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എഡ്. - ദ്വിവത്സരം (2019 അഡ്മിഷൻ - റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ നാലുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/920/2021)

2021 മാർച്ചിൽ സ്കൂൾ ഓഫ് ലെറ്റേഴ്സിൽ നടന്ന 2019-21 ബാച്ച് മൂന്നാം സെമസ്റ്റർ എം.എ. മലയാളം (ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ), എം.എ. ഇംഗ്ലീഷ് (ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ) സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/921/2021)

2021 മാർച്ചിൽ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്സ് നടത്തിയ 2019 ബാച്ച് - ഒന്നാം സെമസ്റ്റർ എം.ഫിൽ പൊളിറ്റിക്സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ് (സി.എസ്.എസ്.) പരീക്ഷഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/922/2021)

2021 മാർച്ചിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസ് നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ് സി. കെമിസ്ട്രി (ഇനോർഗാനിക്, ഓർഗാനിക്, ഫിസിക്കൽ ആന്റ് പോളിമർ കെമിസ്ട്രി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/923/2021)

2021 ജൂണിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ് സി. കെമിസ്ട്രി (ഇനോർഗാനിക്, ഓർഗാനിക് ആന്റ് പോളിമർ - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/924/2021)

## പ്ലാവിൻ തൈ നട്ടു

ഗ്രീൻ വേൾഡ് ക്ലീൻ വേൾഡ് ഫൗണ്ടേഷന്റെ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതിയുമായി സഹകരിച്ച് മഹാത്മാഗാന്ധി സർവകലാശാലയും. സർവകലാശാല കാമ്പസിലെ ഹോർട്ടി ഹെർബൽ ഗാർഡനിൽ ഇതിന്റെ ഭാഗമായി സംഘടിപ്പിച്ച ചടങ്ങിൽ വൈസ് ചാൻസലർ ഡോ. സാബു തോമസ് പ്ലാവിൻതൈ നട്ടു. ചടങ്ങിൽ ജോർജ് കുളങ്ങര, സർവകലാശാല മുൻ രജിസ്ട്രാർ ഡോ. ജോസ് ജയിംസ്, സർവകലാശാല ഐ.ക്യു.എ.സി. ഡയറക്ടർ ഡോ. റോബിനറ്റ് ജേക്കബ്, ഹോർട്ടി ഹെർബൽ ഗാർഡൻ സൂപ്പർവൈസർ ജയപ്രകാശൻ എന്നിവർ സന്നിഹിതരായിരുന്നു.

### ഫോട്ടോ ക്യാപ്ഷൻ

**ഗ്രീൻ വേൾഡ് ക്ലീൻ വേൾഡ് ഫൗണ്ടേഷന്റെ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതിയുമായി സഹകരിച്ച് മഹാത്മാഗാന്ധി സർവകലാശാല കാമ്പസിലെ ഹോർട്ടി ഹെർബൽ ഗാർഡനിൽ നടുന്നതിനുള്ള പ്ലാവിൻതൈ വൈസ് ചാൻസലർക്ക് കൈമാറുന്നു**

(പി.ആർ.ഒ/39/925/2021)

## ഡയറക്ടറുടെ ഒഴിവ്

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിൽ കോട്ടയം, തലപ്പാടിയിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആന്റ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ ഡയറക്ടർ തസ്തികയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ലൈഫ് സയൻസ് വിഭാഗത്തിൽ പിഎച്ച്.ഡി. യോഗ്യതയോ അലോപ്പതിയിൽ എം.ഡി.യോഗ്യതയ്ക്കൊപ്പം ബയോമെഡിക്കൽ മേഖലയിൽ കുറഞ്ഞത് 15 വർഷത്തെയെങ്കിലും ഗവേഷണ പരിചയവും ഉള്ളവരെയോയാണ് പരിഗണിക്കുക. രജിസ്റ്റർ ചെയ്ത പേറ്റന്റുകൾ സ്വന്തം പേരിൽ ശാസ്ത്ര പ്രസിദ്ധീകരണങ്ങളിൽ പ്രസിദ്ധീകരിച്ച ശാസ്ത്രലേഖനങ്ങൾ, നേടിയിട്ടുള്ള വിലപ്പെട്ട അവാർഡുകൾ, ശാസ്ത്ര-മെഡിക്കൽ രംഗത്തെ പഠന - ഗവേഷണസ്ഥാപനങ്ങളിൽ ഫെലോഷിപ്പ് എന്നിവയും നിയമനത്തിനായി പരിഗണിക്കും. അപേക്ഷകരുടെ പ്രായം 65 വയസിൽ താഴെയായിരിക്കണം. തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 75000 രൂപ അടിസ്ഥാനശമ്പളം കണക്കാക്കി (ശമ്പള പരിഷ്കരണത്തിനനുസരിച്ച് ആനുപാതിക വർ ധനക്ക് സാധ്യതയുണ്ട്) പ്രതിഫലം നൽകും. അഞ്ചുവർഷത്തേക്കോ 65 വയസ് പൂർത്തിയാകുന്നതുവരെയോ ആയിരിക്കും നിയമനം. താല്പര്യമുള്ളവർ വിശദമായ ബയോഡാറ്റയും സ്ഥാപനത്തിന്റെ വികസനം സംബന്ധിച്ച കാഴ്ചപ്പാട് വിവരിക്കുന്ന 1000 വാക്കുകളിൽ കുറയാത്ത കുറിപ്പും സഹിതമുള്ള അപേക്ഷ, രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല, പി.ഡി. ഹിൽസ് പി.ഒ., കോട്ടയം, കേരള, പിൻ: 686560 എന്ന വിലാസത്തിൽ ഒക്ടോബർ 13ന് വൈകീട്ട് നാലിനകം ലഭ്യമാക്കണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481-2731007, ഇമെയിൽ: registrar@mgu.ac.in.

(പി.ആർ.ഒ/39/926/2021)

## പ്രഭാഷണം 20ന്

'മറന്നുപോയ ഭൂതകാലവും മറയ്ക്കപ്പെട്ട മഹത്വവും-മധ്യകാല കേരളത്തിലെ ഗണിതശാസ്ത്ര ക്രിയാത്മകത' എന്ന വിഷയത്തെ അധികരിച്ച് മഹാത്മാഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആന്റ് എക്സ്റ്റൻഷന്റെ ആഭിമുഖ്യത്തിൽ പ്രത്യേക പ്രഭാഷണ പരിപാടി സംഘടിപ്പിക്കുന്നു. സെപ്തംബർ 20ന് വൈകീട്ട് 6.30ന് ഓൺലൈനായി സംഘടിപ്പിക്കുന്ന ചടങ്ങിൽ സെന്ററിലെ വിസിറ്റിംഗ് ഫെലോ ഡോ. ജോളി കെ. ജോൺ പ്രഭാഷണം നടത്തും. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ അധ്യക്ഷനായിരിക്കും. https://meet.google.com/gxp-vfkc-vfe എന്ന ലിങ്ക് മുഖേന പരിപാടിയിൽ പങ്കെടുക്കാം.

(പി.ആർ.ഒ/39/927/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ